**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഗ്രാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഗ്രാന്റുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br><br>സംസ്ഥാനത്തെ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഗ്രാന്റ്/സ്കോളർഷിപ്പ് പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>2. സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ്<br>3. സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ്<br>4. സ്പെഷ്യൽ ഇൻസെന്റീവ് പദ്ധതി<br>5. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കോളർഷിപ്പ്<br>6. ലാപ്ടോപ് ധനസഹായ പദ്ധതി<br>7. പ്രാഥമിക ചെലവ് ധനസഹായ പദ്ധതി (മെഡിക്കൽ / എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)<br>8. സ്റ്റെതസ്കോപ്പ് ധനസഹായ പദ്ധതി<br>9. ആടയാഭരണങ്ങളും വാദ്യോപകരണങ്ങളും വാങ്ങുന്നതിനുള്ള ധനസഹായം<br>10. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം<br>11. ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ് പദ്ധതി<br>12. പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്കുള്ള പോക്കറ്റ് മണി<br>13. വിഷൻ, വിഷൻ പ്ലസ് ( എൻട്രൻസ് പരിശീലനത്തിനുള്ള ധന സഹായം)<br>14. പഠനയാത്രാ ധനഹായം<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>പ്രീമെട്രിക് സ്കോളർഷിപ്പ്"<br><br>സംസ്ഥാനത്ത് എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സം ഗ്രാന്റ് (എൽ.പി വിഭാഗം വിദ്യാർത്ഥികൾക്ക് 750/- രൂപയും, യു.പി വിഭാഗം |

വിദ്യാർത്ഥികൾക്ക് 900/- രൂപയും, ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് 1000/- രൂപയും), സ്റ്റൈപന്റ് 2000/- രൂപയും ഇതിന് പുറമെ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അധിക ധനസഹായമായി പ്രതിമാസം 200/- രൂപയും നൽകി വരുന്നു.

കൂടാതെ 9,10 ക്ലാസ്സുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്സ് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250/- രൂപയും 1000 രൂപയും നൽകുന്നു.

<u>പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്:-</u>

പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ഗ്രാന്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഗ്രാന്റ്സ് | തുക |
|---|---|
| ലംപ്സം ഗ്രാന്റ് | 800/- മുതൽ 3800/- വരെ (കോഴ്സുകൾ അനുസരിച്ച്) |
| സ്റ്റൈപ്പന്റ് | 8500/-(പ്രതിവർഷം) |
| പോക്കറ്റ് മണി(ഹോസ്റ്റൽ വിദ്യാർത്ഥിക്ക്) | 2000/-(പ്രതിവർഷം) |
| ഫെലോഷിപ്പ് (PhD,MPhil,MTech,MLit വിദ്യാർത്ഥികൾക്ക്) | യു ജി സി നിരക്കിന്റെ 75% (കണ്ടിജന്റ് + ഫെലോഷിപ്പ്) |
| ഹോസ്റ്റൽ ഫീസ്<br>ഗവ /എയ്ഡഡ് | 3500/-(പ്രതിമാസം) |
| ഹോസ്റ്റൽ ഫീസ്<br>സെൽഫ് ഫിനാൻസ് പ്രൊഫഷണൽ | 4500/-(പ്രതിമാസം) |
| പ്രൈവറ്റ് അക്കൊമഡേഷൻ | 30,000/- (പ്രതിവർഷം) |

കൂടാതെ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് പദ്ധതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വസ്ത്ര വിതരണം, കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് (വിംഗ്സ്), സിവിൽ സർവ്വീസ് പരിശീലനം, അഭിഭാഷക പരിശീലന പദ്ധതി,

| | | | |
|---|---|---|---|
| | | | ഉന്നതി വിദേശ പഠന സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾ മുഖേനയും ഗ്രാന്റുകൾ വിതരണം ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത ഗ്രാന്റുകളിൽ കുടിശിക നൽകാനുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | **പട്ടികജാതി വികസന വകുപ്പ്**<br><br>മേൽ പരാമർശിച്ച പദ്ധതികളിൽ കുടിശ്ശികയില്ല<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>പ്രീമെട്രിക്ക് തലത്തിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനായി ലഭ്യമായ ക്ലെയിമുകൾ മുഴുവൻ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യമായി 2225-02-277-29-01-12 (പ്ലാൻ) ശീർഷകത്തിൽ 36 കോടി രൂപയും 2225-02-277-29-02-12 (പ്ലാൻ) ശീർഷകത്തിൽ 12 കോടിയുമായി ആകെ 48 കോടി രൂപ ലഭ്യമായിരുന്നു. ടി തുകയിൽ നിന്നും മുൻവർഷങ്ങളിലെ കുടിശ്ശിക തുക ഉൾപ്പടെ 10901 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് 25,05,78,242/- രൂപ 2025-26 സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട്.<br><br>2025-26 സാമ്പത്തിക വർഷം പോസ്റ്റ് മെട്രിക് നോൺ പ്ലാൻ ശീർഷകത്തിൽ (2225-02-277-98-12-നോൺപ്ലാൻ) 6.30 കോടി രൂപ വകയിരുത്തിയിരുന്നു.<br><br>ഈ തുക ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യം തന്നെ ചെലവഴിക്കുകയും തുടർന്ന് സർക്കാരിലേക്ക് അധിക ധനാഭ്യർത്ഥന നടത്തുകയും സർക്കാർ ആദ്യ ഗഡുവായി 10 കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ തുകയിൽ നിന്നും മുൻവർഷങ്ങളിലെ കുടിശ്ശിക 9,04,61,609/-രൂപ ഉൾപ്പടെ ആകെ 15,34,61,609/- രൂപ ട്രഷറി മുഖേനയും അനുവദിച്ചു നൽകിയിട്ടുണ്ട്. ടി ഇനത്തിൽ 1762 വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്കും, ABLC, ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ്, കണ്ടിജന്റ് ഫെല്ലോഷിപ്പ് തുടങ്ങിയവ 810 സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്കും നിക്ഷേപിച്ചിട്ടുണ്ട്. നിലവിൽ ലഭ്യമായ 9,42,74,160/- രൂപയുടെ ക്ലെയിമുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഗ്രാന്റുകൾ കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; ഇല്ലെങ്കിൽ അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ? | (സി) | **പട്ടികജാതി വികസന വകുപ്പ്**<br><br>പിരിവ് 1 ൽ പരാമർശിച്ച ക്രമ നമ്പർ 1 മുതൽ 6 വരെയുള്ള പദ്ധതികൾ<br>E grants3.0പോർട്ടൽ മുഖേന ഓൺലൈനായാണ് നടപ്പിലാക്കി വരുന്നത്. അർഹരായ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് സ്കോളർഷിപ്പ് തുക നേരിട്ട് (DBTസംവിധാനം) അനുവദിച്ചു വരികയാണ് ചെയ്തു വരുന്നത്.<br><br>മറ്റ് സ്കോളർഷിപ്പ് പദ്ധതികൾ കൃത്യമായി തന്നെ വിദ്യാർത്ഥികൾക്ക് അനുവദിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | **<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗ്രാന്റുകൾ കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ വരുത്താൻ  സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് പോർട്ടൽ 3.0 മുഖേന വിദ്യാർത്ഥികളുടെയും സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക നേരിട്ട്  അനുവദിച്ചു വരുന്നു .  ഇ ഗ്രാന്റ്സ് പോർട്ടൽ മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്യുന്നത്  സംബന്ധിച്ച സംശയങ്ങൾക്ക് ടോൾഫ്രീ നമ്പറിൽ സംശയ നിവാരണം നടത്തുന്നതിന് സംവിധാനം വകുപ്പ് ഡയറക്ടറേറ്റിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഇ ഗ്രാന്റ്സുമായി ബന്ധപ്പെട്ട കത്തിടപ്പാടുകൾക്കായി പ്രത്യേകം ഇ മെയിൽ ഐ ഡി സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ, കമ്പ്യൂട്ടർ സഹായികൾ, അക്രഡിറ്റഡ് എഞ്ചിനീയർമാർ, ഫീൽഡ് തല ഉദ്യോഗസ്ഥർ തുടങ്ങിയവർ മുഖേനയും ഇ ഗ്രാന്റ്സുമായി ബന്ധപ്പെട്ട സംശയനിവാരണവും ഗ്രാന്റുകൾ കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ